# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4424 — 27.06.13 ൽ - മറുപടിക്ക്

## മുണ്ടേരി, കൂട്ടമംഗലം എന്നിവിടങ്ങളിൽ പുതിയ റേഷൻ കടകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ മുണ്ടേരി, കുട്ടമംഗലം എന്നിവിടങ്ങളിൽ പുതിയ റേഷൻ കടകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മുണ്ടേരി എന്ന സ്ഥലത്ത് സർക്കാരിന്റെ 18.02.2012 ലെ 17642/ബി3/11/ഭ.സി.സ.വ. നമ്പർ ഉത്തരവ് പ്രകാരവും മുട്ടിൽ ഗ്രാമപഞ്ചായത്തിലെ കുട്ടമംഗലം എന്ന സ്ഥലത്ത് സർക്കാരിന്റെ 21.02.2012 ലെ 17640/ബി3/11/ഭ.സി.സ.വ. നമ്പർ ഉത്തരവ് പ്രകാരവും പുതിയ റേഷൻകടകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) പ്രസ്തുത റേഷൻ കടകൾ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | (സി) മുട്ടിൽ ഗ്രാമപഞ്ചായത്തിലെ കുട്ടമംഗലത്ത് റേഷൻകട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മുണ്ടേരിയിൽ റേഷൻകട ആരംഭിച്ചിട്ടില്ല. താലൂക്ക് സപ്ലൈ ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസർക്ക് തിരിച്ചയച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

41 തിരുവനന്തപുരം

-5-

24 FEB 2012

6467

**കേരള സർക്കാർ**
**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

നമ്പർ.17642/ബി3/11/ഭസിസവ

തിരുവനന്തപുരം
തീയതി 18.02.12

സെക്രട്ടറി.

സിവിൽ സപ്ലൈസ് ഡയറക്ടർ

വിഷയം : വയനാട് ജില്ല -വൈത്തിരി താലൂക്ക് -കൽപ്പറ്റ നഗര സഭ മുണ്ടേരി എന്ന സ്ഥലത്ത് പുതിയ റേഷൻകട അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന : താങ്കളുടെ 20.12.11 ലെ നം.(സി.എസ്)എ9- 21017/11 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. വയനാട് ജില്ലയിൽ വൈത്തിരി താലൂക്ക് കൽപ്പറ്റ നഗരസഭയിൽ മുണ്ടേരി എന്ന സ്ഥലത്ത് പുതിയ റേഷൻകട അനുവദിക്കണമെന്ന ആവശ്യം സർക്കാർ അംഗീകരിച്ചിട്ടുണ്ട് ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
**ഡി.ശൈലജകുമാരി അമ്മ**
ഡെപ്യൂട്ടി സെക്രട്ടറി
സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

31

OFFICE OF THE COMMISSIONER OF CIVIL SUPPLIES
24 FEB 2012
THIRUVANANTHAPURAM

6468

കേരള സർക്കാർ
ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

നമ്പർ 17640/ബി3/11/ഭസിസവ

തിരുവനന്തപുരം
തീയതി 21.02.12

സെക്രട്ടറി

സിവിൽ സപ്ലൈസ് ഡയറക്ടർ

സർ,

വിഷയം : വയനാട് ജില്ല -വൈത്തിരി താലൂക്ക് കാരക്കുറിശ്ശി മുട്ടിൽ പഞ്ചായത്ത് കുട്ടമംഗലം എന്ന സ്ഥലത്ത് പുതിയറേഷൻകട അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന : താങ്കളുടെ 20.12.11 ലെ നമ്പർ(സി.എസ്) എ9 21012/11 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. വയനാട് ജില്ലയിൽ -വൈത്തിരി താലൂക്ക് മുട്ടിൽ പഞ്ചായത്ത് കുട്ടമംഗലം എന്ന സ്ഥലത്ത് പുതിയറേഷൻകട അനുവദിക്കണമെന്ന ആവശ്യം സർക്കാർ അംഗീകരിച്ചിട്ടുണ്ട് ഇതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
ഡി.ശൈലജകുമാരി അമ്മ
ഡെപ്യൂട്ടി സെക്രട്ടറി
സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ